## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.770 — 11.07.2016-ലെ മറുപടിക്ക്

# ചെങ്ങന്നൂർ ഏറ്റുമാനൂർ പാതയുടെ നിർമ്മാണ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ** | | **ശ്രീ.ജി.സുധാകരൻ**<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ). | ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ-ഏറ്റുമാനൂർ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏത് ഏജൻസിയെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ; | (എ). | കെ.എസ്.റ്റി.പി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ-ഏറ്റുമാനൂർ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ M/s. Delma Sreedhanya JV എന്ന കമ്പനിയാണ് നടത്തി വരുന്നത് |
| (ബി). | റോഡിന്റെ വശങ്ങളിലുള്ള ഓട നിർമ്മാണം അശാസ്ത്രീയമായാണ് നടപ്പാക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി). | കെ.എസ്.റ്റി.പി നടത്തിയ ഓടയുടെ നിർമ്മാണ പ്രവൃത്തികൾ എല്ലാം തന്നെ ശാസ്ത്രീയമായാണ് നടത്തിയിട്ടുള്ളത്. |
| (സി). | കെ.എസ്.റ്റി.പി പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി ജംഗ്ഷനിൽ നിർമ്മിച്ച ഓട മഴ പെയ്യുന്ന സമയത്ത് ഉപയോഗശൂന്യമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.റ്റി.പി ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി ജംഗ്ഷനിലെ ഓടകൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ ശബരിമല സീസണിലെ പുനരുദ്ധാരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി ജംഗ്ഷനിൽ മഴയുള്ള സമയത്ത് വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷനിൽ റോഡ് ഡിവൈഡറിൽ സൈൻബോർഡ് സ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷനിൽ റോഡ് ഡിവൈഡറിൽ ഒബ്ജക്ട് ഹസാർഡ് മാർക്കറുകൾ (OHM) സ്ഥാപിച്ചിരുന്നത് അപകടത്തിൽ തകർന്നു പോകുകയും വീണ്ടും പുന:സ്ഥാപിക്കുകയും ചെയ്തിരുന്നതാണ്. ഇത് വീണ്ടും അപകടത്തിൽ പെട്ട് തകർന്നിട്ടുണ്ട്. ശബരിമല സീസണുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഭാഗമായി പുന:സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (എഫ്) | ചെങ്ങന്നൂർ മുളക്കുഴ എം.സി.റോഡിൽ ആഞ്ഞിലിച്ചുവട് ഭാഗത്ത് ഗതാഗത നിയന്ത്രണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദീകരിക്കുമോ; പ്രസ്തുത സ്ഥലത്ത് മാവേലിക്കര, മുളക്കുഴ, ചെങ്ങന്നൂർ ടൗൺ എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി അപകടങ്ങൾ ഒഴിവാക്കാൻ യുക്തമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുമോ? | (എഫ്) | ഗതാഗത നിയന്ത്രണത്തിനായി റോഡ് പുനരുദ്ധാരണ സമയത്ത് റോഡ് മാർക്കിംഗുകളും സൈൻ ബോർഡുകളും സ്ഥാപിച്ചിരുന്നതാണ്. ബാക്കി നടപടികൾ പോലീസും ഗതാഗതവകുപ്പുമാണ് നടത്തുന്നത്. |

**സെക്ഷൻ ഓഫീസർ**